# 2013–2014 വർഷ ഐ.ടി.ഐ ട്രെയിനീസ കൗൺസിൽ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന പൊതു പെരുമാറ്റ ചട്ടങ്ങൾ

1. സ്ഥാനാർത്ഥി ആകുന്നവർക്ക് 80% ഹാജർ ഉണ്ടായിരിക്കണം
2. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്ന തിയതി മുതൽ പെരുമാറ്റ ചട്ടം നിലവിൽ വരും .
3. ഈ കാലയളവിൽ നിലവിലുള്ള കൗൺസിലിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് അവകാശമില്ല.
4. മാഗസീൻ പ്രസിദ്ധീകരിക്കാൻ പാടില്ല.
5. ഇലക്ഷൻ പ്രചരണം നടത്തുന്നതിന് രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ തിയറി ക്ലാസ്സുകളിൽ മാത്രം അനുവാദം നൽകുന്നതാണ്.
6. ട്രെയിനീസ് ഐഡി കാർഡ് ഉള്ളവർക്ക് മാത്രമേ ക്യാമ്പസിൽ പ്രവേശനത്തിന് അനുവാദമുള്ളൂ.
7. ഇലക്ഷൻ വിജ്ഞാപനം ചെയ്യുമ്പോൾ വോട്ടർ പട്ടികയിൽ പേര് നിലവിൽ ഉള്ളവർക്ക് മാത്രമേ മത്സരിക്കുവാനും വോട്ടു രേഖപ്പെടുത്തുവാനും അവകാശമുള്ളൂ.
8. വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും മാറ്റം വരുത്തുന്നതിനും പേര് ഒഴിവാക്കുന്നതിനും ഉള്ള അവകാശം റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
9. ഇലക്ഷൻ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിയമാവലി ലംഘിക്കുന്നവരെ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.
10. ഐ.ടി.ഐ കെട്ടിടങ്ങളിൽ പോസ്റ്റർ ഒട്ടിക്കുകയോ ചുമരെഴുത്ത് നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.
11. അതാത് സ്ഥാപനങ്ങളിൽ പ്രത്യേകമായി അനുവദിച്ചു നൽകുന്ന സ്ഥലങ്ങളിൽ കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കേണ്ടതാണ്. അനുവദിക്കുന്ന സ്ഥലം സംബന്ധിച്ച് അതാതുപ്രിൻസിപ്പാൾമാർ തീരുമാനം എടുക്കേണ്ടതാണ്.
12. ഇലക്ഷൻ പ്രവർത്തനങ്ങളിലും പ്രചരണത്തിനും പൂർണ്ണമായും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് എല്ലാ സംഘടന പ്രവർത്തകനും സ്ഥാനാർത്ഥികളും ബാധ്യസ്ഥരാണ്.
13. പ്രാക്ടിക്കൽ ക്ലാസ്സുകളിൽ യാതൊരുവിധത്തിലുള്ള പ്രചരണങ്ങളും അനുവദിക്കുന്നതല്ല.
14. ഇലക്ഷൻ സംബന്ധിച്ചുള്ള നടപടികളിൽ റിട്ടേണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ജി .04.11.13.